പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6372 | 08/07/2014-ലെ മറുപടിക്ക്

വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ നേരിടുന്ന വെല്ലുവിളികൾ

| ചോദ്യം | | മറുപടി. |
|---|---|---|
| ശ്രീ. ജി. സുധാകരൻ<br>„ കെ.കെ. ജയചന്ദ്രൻ<br>„ ബി. സത്യൻ<br>„ രാജു എബ്രഹാം | | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) സർക്കാർ ജീവനക്കാരിൽ അനുദിനം വർദ്ധിച്ചുവരുന്ന അഴിമതികൾ തടയുന്നതിനും ഉന്നയിക്കപ്പെടുന്ന അഴിമതി ആരോപണങ്ങൾ അന്വേഷിച്ച് സത്യം കണ്ടുപിടിക്കുന്നതിനും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് എന്തെങ്കിലും വെല്ലുവിളികൾ നേരിടുന്നുണ്ടോ; വിശദമാക്കുമോ; | എ) | നിയമവിരുദ്ധമായ ബാഹ്യ ഇടപെടലുകൾക്ക് വിധേയമാകാതെ വിജിലൻസ് അന്വേഷണങ്ങൾ പൂർത്തീകരിക്കാൻ നിലവിലെ സാഹചര്യത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് സാധിക്കുന്നുണ്ട്. അഴിമതി ആരോപണങ്ങൾ അന്വേഷിച്ച് കണ്ടെത്തുന്നതിന് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ യാതൊരുവിധ വെല്ലുവിളികളും നേരിടുന്നില്ല. |
| ബി) പോലീസ് വകുപ്പിൽനിന്നും ഇടയ്ക്കിടയ്ക്ക് സ്ഥലം മാറ്റി നിയമിക്കപ്പെടുന്നവർ അല്ലാത്തവർ ആരെങ്കിലും അന്വേഷണ ഉദ്യോഗസ്ഥൻമാരായി ബ്യൂറോയിലുണ്ടോ; | ബി) | ഇല്ല. |
| സി) ഈ സർക്കാരിന്റെ കാലത്ത് വിജിലൻസ് അന്വേഷണ ആവശ്യം ഏതെങ്കിലും വേണ്ടെന്ന് വച്ചിട്ടുണ്ടോ; എങ്കിൽ എത്ര; ജീവനക്കാർ ഉൾപ്പെടെ സർക്കാരിന്റെ ഭാഗമായി പ്രവർത്തിക്കുന്നവർക്കെതിരെ ഉയർന്നുവന്ന ആരോപണങ്ങൾ എത്ര; ഇതിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ച് ശിക്ഷാവിധിയായിട്ടുള്ളവ എത്ര; എത്ര കേസുകളിൽ കോടതിവിധി പ്രതികൂലമായി മാറുകയുണ്ടായി; വ്യക്തമാക്കാമോ? | സി) | വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് പരാതികൾ ലഭിക്കാറുണ്ട്. ഇത് പരിശോധിച്ച് വിജിലൻസ് അന്വേഷണം ആവശ്യമുണ്ടെന്ന് കാണുന്നവയിൽ മാത്രമേ അന്വേഷണത്തിന് ഉത്തരവ് നൽകാറുള്ളൂ. കീഴ്വഴക്കങ്ങൾ പാലിച്ചുകൊണ്ടുള്ള എല്ലാ അന്വേഷണ ഉത്തരവുകളിലും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നിയമാനുസൃതം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നിലവിൽ അന്വേഷിക്കുന്നതും, അന്വേഷിച്ചിട്ടുള്ളതുമായ വിജിലൻസ് അന്വേഷണങ്ങളും, വിജിലൻസ് കേസുകളും, സത്വരാന്വേഷണങ്ങളും, രഹസ്യാന്വേഷണങ്ങളും, മിന്നൽ പരിശോധനകളും എല്ലാം തന്നെ ജീവനക്കാർ ഉൾപ്പെട്ട് സർക്കാരിന്റെ ഭാഗമായി പ്രവർത്തിക്കുന്നവർക്കെതിരെ ഉയർന്നുവന്ന ആരോപണങ്ങളിന്മേലുള്ള അന്വേഷണങ്ങളാണ്. ഇതിൽ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ച് ശിക്ഷാവിധിയായിട്ടുള്ള വിജിലൻസ് കേസുകൾ ഒന്നും തന്നെ നിലവിലില്ല. |

സെക്ഷൻ ഓഫീസർ